ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 –

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം.ഇ9/1788/19/സിഇ/ത.സ്വ.ഭ.വ — തീയതി : 06/01/2020

# സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് — സാങ്കേതിക വിഭാഗം — ജീവനക്കാര്യം — പൊതുസ്ഥലം മാറ്റം — അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : സ.ഉ(പി) നം. 3/2017/തസ്വഭവ തീയതി 25.02.2017

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം (സാങ്കേതിക / മിനിസ്റ്റീരിയൽ വിഭാഗം) ജീവനക്കാരുടെ 2020 വർഷത്തിലെ പൊതുസ്ഥലംമാറ്റം നടത്തുന്നതിലേക്കുള്ള അപേക്ഷകൾ സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ടി അപേക്ഷകൾ 2020 ജനുവരി 31-ാം തീയതിയ്ക്കുള്ളിൽ ഉചിതമാർഗ്ഗേണ തസ്വഭവ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ (www.celsgd.kerala.gov.in) "Pro forma" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഉചിതമാർഗ്ഗേന (തപാൽ മുഖേന) സമർപ്പിക്കുന്നതിനോടൊപ്പം, ടി പേജിൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള online submission-ലൂടെയും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷകളുടെ Hard copy നിയന്ത്രണാധികാരി പരിശോധിച്ച് സാധുത ഉറപ്പുവരുത്തി ആയത് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റിലെ "Pro forma" പേജിൽ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ത്രിതല പഞ്ചായത്തുകൾ /മേഖല ഓഫീസുകൾ/KSRRDA എന്നിവിടങ്ങളിലെ ജീവനക്കാർ സ്വമേധയാ "**Pro forma for General Transfer-online submit**" എന്ന ലിങ്ക് മുഖാന്തിരം അതാത് കാര്യാലയത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള online form ലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അതാത് കാര്യാലയങ്ങളിലെ ജീവനക്കാർക്ക് ടി പ്രൊഫോർമയിൽ പ്രവേശിക്കുന്നതിനുള്ള password ഈ കാര്യാലയത്തിലെ celsgdgtr@gmail.com എന്ന മേൽവിലാസത്തിൽ നിന്നും അയച്ചു നല്കിയിട്ടുള്ളതാണ്. ടി form-ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ password അതാത് കാര്യാലയങ്ങളിൽ നിന്നും ജീവനക്കാർ കൈപ്പറ്റേണ്ടതാണ്. ഇങ്ങനെ online ആയി സമർപ്പിക്കുന്ന form-ലെ വിവരങ്ങൾ അതാത് കാര്യാലയത്തിലെ നിയന്ത്രണാധികാരി പരിശോധിച്ച് "Approval" രേഖപ്പെടുത്തുന്ന അപേക്ഷകൾ മാത്രമേ പൊതുസ്ഥലംമാറ്റത്തിനായി പരിഗണിക്കുകയുള്ളൂ. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഒപ്പ്**
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**